# ഗവൺമെൻറ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ നെടുമങ്ങാട്






**ലിറ്റിൽ കൈറ്റ്സ്**

## ഡിജിറ്റൽ മാഗസിൻ 2023-2024

# തൂലിക

# ഉള്ളടക്കം


ആശംസ

ആമുഖം

എഡിറ്റോറിയൽ ബോർഡ്

ചരിത്രം

അമ്മ

സ്നേഹം ഒരു മഴ ചാറ്റൽ പോലെ

കഥകളിലെ കഥ

TWIN STARS

സ്ത്രീ സുരക്ഷയും ഇന്നത്തെ സമൂഹവും

കൂടണയുന്ന പക്ഷികൾ

പ്രകൃതി

ഇന്നെൻ ലോകനാദം

MY MOTHER

ഓർമ്മച്ചെപ്പ്

ഓർമ്മകൾ പെയ്തിറങ്ങുമ്പോൾ

പറന്നുപോയ തത്ത

FORGIVE ME

എന്റെ മകൻ

# ആശംസ



നെടുമങ്ങാട് ഗവ. ഗേൾസ് ഹയർസെക്കൻ്ററി സ്കൂളിൽ 2023-24 അധ്യയനവർഷത്തിൽ 'ലിറ്റിൽ കൈറ്റ്സ്' ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. ഹൈടെക്ക് ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിനും അതുപയോഗിക്കാൻ മറ്റു കുട്ടികളെ പ്രാപ്തരാക്കുന്നവരുമായ ലിറ്റിൽ കൈറ്റ്സിൻ്റെ ഈ സംരഭത്തിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

**ഹെഡ്മിസ്ട്രസ്**

# ആമുഖം

പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കി മാറ്റുന്നതിനായി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമാണ് ലിറ്റിൽ കൈറ്റ്സ് നൂതന സാങ്കേതികവിദ്യയിലൂടെ കുട്ടികളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുകയാണ് ഇതിലൂടെ ലക്ഷ്യ മാക്കുന്നത് ലിറ്റിൽകൈറ്റിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ ഈ ഡിജിറ്റൽ മാഗസിനിൽ കഥ,കവിത, ആസ്വാദനം തുടങ്ങി ധാരാളം വിഭവങ്ങൾ നിറഞ്ഞിരിക്കുന്ന സർഗാത്മകതയുടെ പ്രകാശനത്തിലൂടെ ഈ ചെറിയ ചെറിയ പട്ടങ്ങൾ പറന്നുയർന്ന അംബര ചുംബികളായി മാറ്റും എന്ന പ്രതീക്ഷയോടെ ഈ മാഗസിൻ സമർപ്പിക്കുന്നു.

# എഡിറ്റോറിയൽ ബോർഡ്





ലിറ്റിൽ കൈറ്റ്സ് 2021-24
ബാച്ച് -1




ലിറ്റിൽ കൈറ്റ്സ് 2021-24
ബാച്ച് -2

# ചരിത്രം

രാജഭരണകാലത്ത് ആരംഭിച്ച ഈ പള്ളിക്കൂടത്തിന് നെടുമങ്ങാടിന്റെ ചരിത്രത്തിൽ മികവുറ്റ സ്ഥാനമാണുള്ളത്. പ്രശസ്തരായ ധാരാളം പ്രതിഭകളെ സൃഷ്ടിച്ച ഈ വിദ്യാലയത്തിന് മഹത്തായ ഒരു പാരമ്പര്യം ഉണ്ട്.1867ൽ വെർണാകുലർ എഡ്യൂക്കേഷൻ ഡയറക്ടറായി ശ്രീ. ശങ്കർ സുബ്ബരായർ നിയമിതനായതോടെയാണ് താലൂക്കാസ്ഥാനത്ത് ഒരു സ്കൂളിന് തുടക്കം കുറിച്ചത്. ആൺ കുട്ടികൾ എ.ഇ.ഒ ഓഫീസ് കെട്ടിടത്തിലും പെൺകുട്ടികൾ കെ.എസ്.ആർ.ടി.സി സ്റ്റൻറ് സ്ഥിതി ചെയ്യുന്ന കെട്ടിടത്തിലുമാണ് പഠിച്ചിരുന്നതെന്ന് പറയപ്പെടുന്നു. കാലക്രമത്തിൽ ഇത് ഒരു ഇംഗ്ലീഷ് മീഡിയം സ്കൂളായി മാറി. അക്കാലത്ത് മിഡിൽ സ്കൂളിൽ നിന്ന് ജയിക്കുന്നവർ തിരുവനന്തപുരത്ത് പോയാണ് ഉന്നത വിദ്യാഭ്യാസം നേടിയിരുന്നത്. തുടർന്ന് ഇതൊരു ഹൈസ്കൂളായി ഉയർത്തി. ഹൈസ്കൂൾ മുസാവരി ബംഗ്ലാവിലേക്ക് (ഇപ്പോൾ സ്കൂൾ ലൈബ്രറി) മാറ്റി. പിന്നീട് 1967ൽ ആൺകുട്ടികളെ മഞ്ചയിലേക്ക് മാറ്റി. 1997 - ൽ ഇതൊരു ഹയർ സെക്കന്ററി സ്കൂളായി ഉയർത്തപ്പെട്ടു. മിക്സഡ് സ്കൂളായിട്ടാണ് ആദ്യകാലത്ത് പ്രവർത്തിച്ചിരുന്നതെങ്കിലും ആൺകുട്ടികൾക്ക് പെൺകുട്ടികൾക്കും പ്രത്യേകം ക്ലാസുകളായിട്ടാണ് നടത്തിയിരുന്നത്. ആൺ കുട്ടികൾ ഇപ്പോഴത്തെ ബി.യു.പി.എസ് കെട്ടിടത്തിലാണ് ആദ്യം പഠിച്ചിരുന്നത്. 1961 ൽ പെൺ പള്ളിക്കൂടം ആൺ പള്ളിക്കൂടം എന്നു രണ്ടായി തിരിച്ചെങ്കിലും അനുയോജ്യമായ സ്ഥലം ലഭിക്കാത്തതിനാലാണ് ഒരുമിച്ച് പ്രവർത്തിച്ചിരുന്നത്.

ശ്രീമൂലം തിരുന്നാളിന്റെ ഓർമ്മയ്ക്കായി ഒരു ടൗൺ ഹാൾ ഈ സ്കൂളിന്റെ കോമ്പൗണ്ടിൽ നിർമ്മിച്ചു. ശ്രീമൂലം തിരുനാളിന്റെ ഒരു എണ്ണ ഛായാ ചിത്രവും ഇവിടെ സൂക്ഷിച്ചിട്ടുണ്ട് നെടുമങ്ങാട് മുനിസിപ്പാലിറ്റിയിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥിനികൾ പഠിക്കുന്നമികവിന്റെ കേന്ദ്രമായി മാറിക്കൊണ്ടിരിക്കുന്ന ഒരു സ്കൂളാണിത്. ഇന്ന് നെടുമങ്ങാട്മുനിസിപ്പാലിറ്റിയിൽ ഏറ്റവും കൂടുതൽ വിദ്യർത്ഥിനികൾ പഠിക്കുന്ന മികവിന്റെ കേന്ദ്രമായി മാറിക്കൊണ്ടിരിക്കുന്ന ഒരു സ്കൂളാണിത്.

# അമ്മ

കത്തിജ്വലിക്കുന്ന സ്നേഹമാണമ്മ
താരാട്ടുപാടും പൂനിലാവ്
കാറ്റായ് മഴയായ് തഴുകി ഉണർത്തുന്ന
സൂര്യകിരണമാണമ്മ......

പൂപോൽ മൃദുലമാണമ്മ തൻ സ്നേഹം
ഭവനത്തിൻ ഐശ്വര്യമാം നിലവിളക്കും
മിഴികൾ നിറയുമ്പോൾ സാന്ത്വനമയ്
മൊഴികൾ ഇടറുമ്പോൾ സ്നേഹവുമായ്.......

പൂവിനെക്കാൾ സൗന്ദര്യം
അമ്മതൻ സ്നേഹത്തിനുണ്ട്
തേനിനെക്കാൾ മാധുര്യം
അമ്മതൻ വാത്സല്യത്തിലുണ്ട്.........

കുടുംബബന്ധം കാത്തു സൂക്ഷിക്കും
കരുണമയയാം അമ്മതൻ മുന്നിൽ
വിനയാന്വിതയായി ഞാൻ കൈതൊഴുന്നേൻ......

ആനി . എസ്
9D

# സ്നേഹം ഒരു മഴ ചാറ്റൽ പോലെ

ആ മഴ ചാറ്റലിൽ നാം ആദ്യമായി കണ്ടു
എൻ സ്നേഹം ഒരു മഴ ചാറ്റലായി നിന്നിൽ പൊഴിഞ്ഞു
എൻ മനസ്സാകെ നീ എന്നിൽ മുഴുവനും നീ
ആദ്യമായി നീ എന്നെ നോക്കി.
ആ ദിനം എന്ന് പ്രണയം മുളച്ചു
സ്നേഹം മരച്ചാറ്റൽ പോലെ നിന്നെ കുതിർത്തു.
നീ എന്നെ പിരിഞ്ഞു പോയ നേരം ഞാൻ ആകെ തളർന്നു
ഒരു സ്നേഹ മഴയായി നീ എന്നിൽ വന്നു
ഒരു പ്രണയമാം ദുഃഖം നീ എനിക്ക് തന്നു
പ്രണയം ഇപ്പോഴും നിന്നിൽ സ്നേഹവും നിനക്കു മാത്രം
ഒരു അഗ്നിപോലെ എന്നിൽ ജ്വലിക്കുന്നു
ആ വേദനയിൽ ഞാനും എരിയുന്നു
സ്നേഹഗീതമായി നീ എന്നിൽ പടരുന്നു.
ആ മധുരമാം ശബ്ദത്തിൽ ഞാൻ അലിയുന്നു
ആദ്യമാം അമ്മതൻ മുലപ്പാലിൽ സ്നേഹം
പിന്നെ അധ്യാപകനിൽ നിൽക്കുന്ന സ്നേഹം
പിന്നെ നാം ലോകമായി സ്നേഹം
ആദ്യമായി ഞാൻ നിന്നെ വെറുക്കുന്ന നേരം
കൗമാരത്തിൽ വിടരുന്ന മായാ ലോകത്തിൽ
സ്നേഹത്തിൽ നീ മാത്രം

വൈഷ്ണവി എസ്സ് .വി

9 I

# TWIN STARS

**My mother asked God for a child**

**But God gave it as Twins**

**Two beautiful baby girls**

**But we are non identical**

**and not same in any way**

**Our appearance, hair, beauty, behaviour,face and height are different**

**We are equally studied and grown**


**We are naughty and cute**

**She is half of my soul and half of my heart**

**We loves**
**We are the sweetest twin being I had ever seen.**

Archana R P

# കഥകളിലെ കഥ



കഥകൾ വാക്കുകളുടെ കൂടാരം മാത്രമല്ല ആ വാക്കുകൾ പറയുന്നത് ഒരുപക്ഷേ പലരും പറയണമെന്ന് കരുതിയതാവാം. ചിലരുടെയൊക്കെ പ്രതിഷേധമാണ് അത്. അതിർത്തിയിൽ പിടഞ്ഞു വീഴുന്ന ജീവൻറെ സ്വപ്നങ്ങളാണ് ഒരു രാജ്യത്തിൻറെ സംസ്കാരമാണ് അല്ലെങ്കിൽ ആ രാജ്യത്തെ പാവങ്ങളുടെ കണ്ണീരാകാം. മുത്തശ്ശിമാർ പറഞ്ഞു നിർത്തിയ കഥയുടെ ബാക്കിയാണ് അല്ലെങ്കിൽ ഏതെങ്കിലും ഒരു ജീവിത നാടകത്തിൻറെ ആദ്യത്തെയും അവസാനത്തെയും അധ്യായങ്ങളാണ്. ചിലപ്പോൾ ആ വാക്കുകൾ നമ്മെ ഭൂതത്തേയും ഭാവിയേയും പിടിച്ചു നിർത്തും. ആ വാക്കുകൾ ചിലപ്പോൾ നമ്മെ യൗവനം ഏകാന്തതയിൽ നിന്നും ഉയർത്തി ജീവിതവും മരണവും തങ്ങളുടെ ഭാഗം അഭിനയിക്കുന്ന ആരെങ്കിലും പ്രതിഷ്ഠിക്കാം. നമ്മുടെ ഹൃദയത്തെ ആനന്ദത്താലും നിറയ്ക്കുന്ന സ്നേഹത്തിന്റെയും ഭയത്തിന്റെയും അപൂർവ്വമായ ഒരു കൂടിച്ചേർക്കൽ ആ വാക്കുകൾ കഥകളെക്കുറിച്ച് പറയാനുള്ള അറിവ് എനിക്കില്ല. എങ്കിലും അറിയാവുന്നത് പറയുകയാണ് പക്ഷേ കഥകളിൽ സ്വർഗ്ഗത്തേക്കാൾ ഉന്നതമായ ആഴിയേക്കാൾ അഗാധമായ ജീവിതത്തേക്കാൾ മരണത്തേക്കാൾ കാലത്തേക്കാൾ വിചിത്രമായ എന്തോ ഒന്നുണ്ടെന്ന് ഞാൻ ഇപ്പോൾ മനസ്സിലാക്കുന്നു. ഇതിനു മുൻപ് ഞാൻ അറിയാത്തതെല്ലാം ഇപ്പോൾ കഥയിലൂടെ ഞാൻ അറിയുന്നു.


ഹിസാന ഫാത്തിമ
10F

# സ്ത്രീ സുരക്ഷയും ഇന്നത്തെ സമൂഹവും

നമ്മുടെ സമൂഹം ഇന്ന് അനീതികളാൽ നിറഞ്ഞിരിക്കുകയാണ് ലോകവും തലമുറകളും വളരുംതോറും അനീതികളും വർദ്ധിക്കുകയാണ് . അനീതികൾ ഏറ്റവും കൂടുതൽ ഇരയാക്കപ്പെടുന്നത് സ്ത്രീകളും കുട്ടികളുമാണ്. സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ ഇന്ന് ഒരുപാടാണ്. നമ്മുടെ രാജ്യത്തെ സ്ത്രീകൾക്ക് ഒന്നു പുറത്തിറങ്ങി നടക്കാൻ പോലും കഴിയാത്ത അവസ്ഥ.

പ്രായപൂർത്തിയായ ഏതെങ്കിലും ഒരു പെൺകുട്ടിയെ കണ്ടാൽ കഴുകന്മാരുടെ കണ്ണുകൾ അവർക്കു മേലെ പതിയും. പാകിസ്ഥാനിലെ സ്ത്രീകൾക്ക് പഠനത്തിനുള്ള അവകാശം ഇല്ലായിരുന്നു. അതിനെതിരെ ശക്തമായി പോരാടിക്കൊണ്ട് നിന്ന ഒരു പെൺകുട്ടിയാണ് മലാല യൂസഫ് സായി. മലാല യൂസഫ് സായി നടത്തിയ ഓരോ പ്രവർത്തനങ്ങളും അത്രമേൽ നല്ലതും സ്ത്രീകൾക്ക് വേണ്ടിയുമാണ് . ഒരു കുട്ടിക്കും ഒരു അധ്യാപകനും ഒരു പേനയ്ക്കും ഒരു പുസ്തകത്തിനും ഈ ലോകത്തെ മാറ്റിമറിക്കാൻ ആകുമെന്ന് മലാലയുടെ വാക്ക് പോലെ തന്നെ അവർ ഒരുപാട് കാര്യങ്ങൾ സ്ത്രീകൾക്കും പെൺകുട്ടികൾക്കും വേണ്ടി ചെയ്തിട്ടുണ്ട്. പഠിക്കാൻ അവകാശമില്ലാത്ത പെൺകുട്ടികൾക്ക് വേണ്ടി സമരം ചെയ്ത വ്യക്തിയാണ് മലാല.

ഇന്നത്തെ സമൂഹത്തിലെ സ്ത്രീകൾ ഒരുപാട് കഷ്ടപ്പാടുകൾ അനുഭവിക്കുന്നു. മണിപ്പൂരിലെ രണ്ട് ആദിവാസി യുവതികളെ ബന്ധുക്കളും ഭർത്താവും ചേർന്ന് നഗ്നയാക്കി തെരുവിലൂടെ നടത്തിയ സംഭവം വളരെ വലിയ വിവാദമായിരുന്നു. മുഖ്യമന്ത്രി പത്തു ലക്ഷം രൂപ അനുവദിച്ചെങ്കിലും പെൺകുട്ടികൾ അനുഭവിച്ച നാണക്കേട്, വിഷമം, നഗ്നയായി ആൾക്കാരുടെ മുമ്പിൽ കൂടി നടക്കേണ്ടി വന്ന അവസ്ഥ ഇതിനെല്ലാം ആ പത്തുലക്ഷം രൂപ എങ്ങനെ പരിഹാരമാവും. ഇതുപോലെ തന്നെ ഒരുപാട് അനീതികൾ ഇന്ന് നമ്മുടെ രാജ്യത്ത് നടക്കുന്ന . രാജ്യത്ത് മാത്രമല്ല ദൈവത്തിന്റെ സ്വന്തം നാട് എന്ന് പറയുന്ന ഈ കൊച്ചു കേരളത്തിലും നടക്കുന്നു.
ദൈവത്തിൻറെ സ്വന്തം നാട്
ഇപ്പോൾ
കഴുകന്മാരുടെയും അനീതികളുടെയുംസ്ത്രീപീഡനത്തിന്റെയുംമറ്റൊരുനാടായി
മാറിക്കൊണ്ടിരിക്കുകയാണ്.സ്ത്രീപീഡനവുംസ്ത്രീധനപീഡനവുംആയി നിറഞ്ഞിരിക്കുകയാണ് കേരളം.
പെൺകുട്ടികളെ വലയിലാക്കി കാമുകന്മാരും സുഹൃത്തുക്കളും മാത്രമല്ല സ്വന്തം അച്ഛൻ വരെയും പീഡിപ്പിക്കാനും ലൈംഗികവും മാനസികവുമായി തളർത്താനും ശ്രമിക്കുന്നു.




പീഡനത്തിന് ഇരയായ ഒരു പെൺകുട്ടിയെ ആരെങ്കിലും സ്വന്തം ജീവിതത്തിലേക്ക് സ്വീകരിക്കാൻ തയ്യാറാകുമോ. ആ പെൺകുട്ടിക്ക് സമൂഹത്തിൽ മറ്റൊരു പേരും കിട്ടും. സ്വന്തം നിലയും വിലയും പോകും. ഒരു പെണ്ണിനെ സംബന്ധിച്ചിടത്തോളം അവളുടെ നാണവും മാനവും അഭിമാനവും ആണ് ഏറ്റവും വലുത്. അത് പണയപ്പെടുത്താൻ ആരും തയ്യാറായില്ല . സ്ത്രീകൾ മുതൽ പിഞ്ചു കുഞ്ഞുങ്ങൾ വരെ പീഡനത്തിന് ഇരയാകുന്നു. ഈയിടെ ആലുവയിൽ രണ്ടു കുട്ടികളെ രണ്ട് കഴുകന്മാർ ചേർന്ന് പീഡിപ്പിച്ച വിവരം വളരെ വലിയ വിവാദമായിരുന്നു . അതിൽ ഒരു കുട്ടിക്ക് വെറും എട്ടു വയസ്സുള്ള കുട്ടി. പെൺകുട്ടിയുടെ പിന്നിൽ നിന്നും ചോരയിലിക്കുന്ന വിവരം അയൽക്കാർ പോലീസിനോട് പറഞ്ഞു. ആലോചിക്കുമ്പോൾ തന്നെ ഹൃദയം നിലയ്ക്കും നമുക്ക് ഈ അവസ്ഥ വരുന്നതെങ്കിലും ഓർക്കാനേ വയ്യ ആ പെൺകുട്ടികളുടെ മാതാപിതാക്കൾ അനുഭവിച്ച ദുഃഖം ഒന്ന് ചിന്തിച്ചു നോക്കൂ ഇതാണ് ഇന്നത്തെ കേരളത്തിൻറെ അവസ്ഥ. അവർക്കൊക്കെ അന്ന് യാതൊരു വിലയുണ്ടായിരുന്നില്ല. പക്ഷേ അന്നൊക്കെ അനീതികൾ നമ്മുടെ നാട്ടിൽ കുറവായിരുന്നു. സ്ത്രീകൾക്ക് പേടിക്കാതെ പുറത്തിറങ്ങാൻ കഴിയുമായിരുന്നു. എന്നാൽ അവർക്കൊക്കെ അടുക്കളയായിരുന്നു ശരണം. അതിനെ തുടർന്ന് വി ടി ഭട്ടതിരിപ്പാട് എഴുതിയ ഒരു നാടകമാണ് അടുക്കളയിൽ നിന്നും അരങ്ങത്തേക്ക്. ഇങ്ങനെ സ്ത്രീകൾക്കായി ഒരുപാട് പേർ സ്ത്രീകൾ മുന്നോട്ടുവരണമെന്ന് അവർ ആണുങ്ങളെപ്പോലെ തുല്യസ്ഥാനം വേണമെന്നുള്ള നിലപാട് കൃതികൾ രചിച്ചിട്ടുണ്ട്.
ഇതിനു മുൻപ് അതായത് പത്തൊമ്പതാം നൂറ്റാണ്ടിൽ സ്ത്രീകൾ ഒറ്റ ചേല മാത്രമാണ് ഉണ്ടായിരുന്നത്. മാറ് മറക്കാനുള്ള അവകാശം ഇല്ലായിരുന്നു. മാറുമറയ്ക്കണമെങ്കിൽ മുലകരം കൊടുക്കണമായിരുന്നു. അതായിരുന്നു അന്നത്തെ നീതി. അതിനെതിരെ ശക്തമായി ഒരുപാട് സ്ത്രീകൾ പോരാടി . വ്യക്തികളും അതിനാൽ സമരത്തിനും പോരാട്ടത്തിന് നേതൃത്വം നൽകി.

ഇങ്ങനെ പത്തൊൻപതാം നൂറ്റാണ്ടു മുതൽ ഇപ്പോൾ ഇരുപത്തിയൊന്നാം നൂറ്റാണ്ട് വരെ സ്ത്രീകൾക്കെതിരെയുള്ള അനീതിക്ക് അക്രമത്തിന് യാതൊരു മാറ്റവും സംഭവിച്ചിട്ടില്ല. അനീതികൾ കൂടുന്നതല്ലാതെ കുറയുന്നില്ല. കൊച്ചു പെൺകുട്ടികൾ മുതൽ വയസ്സായ വൃദ്ധന്മാർ വരെ ഈ അനീതിക്ക് ഇരയാകുന്നു. രാഷ്ട്രീയവും പാർട്ടിയും ശക്തമാകുന്നു. രാഷ്ട്രീയക്കാർ ഇലക്ഷൻ സമയത്ത് സ്ത്രീകൾക്കും വൃദ്ധർക്കും അതും ഇതും അനുവദിക്കാം എന്ന് പറയുന്നതല്ലാതെ ഒന്നും ചെയ്യുന്നില്ല. സർക്കാർ സ്ത്രീ സുരക്ഷയ്ക്ക് വേണ്ടി പലതും ചെയ്യാമെന്ന് പറയുന്നെങ്കിൽ ഒന്നും നടപ്പിലാക്കുന്നില്ല. വാചകം മാത്രം പ്രവൃത്തിയില്ല,ഇതാണ് കേരളം.

# കൂടണയുന്ന പക്ഷികൾ



ഇന്നലെ രാത്രി പെയ്ത മഴയുടെ കുഞ്ഞു കുഞ്ഞു തുള്ളികൾ ഇലകളിൽ പറ്റിപ്പിടിച്ച് പോകാൻ മനസ്സില്ല എന്നോണം തൂങ്ങിക്കിടക്കുന്നു. സൂര്യചന്ദ്രദേവന്മാരെ വണങ്ങി അമ്മ ക്കിളികൾ തീറ്റ തേടി പോകുന്നു. മഞ്ഞുതുള്ളിയിലെ മഴവിൽ കണങ്ങളെ ലോകം മുഴുവൻ അന്ന് പ്രകാശിക്കുന്നുണ്ടായിരുന്നു. ഈ മനോഹരമായ പ്രഭാതം ഉണരുന്നത് കുന്നത്തു മലയുടെ താഴെയുള്ള ഒരു കൊച്ചു താഴ്‌വരയിലാണ്.  "എടാ, ടാ എണീക്ക് നീ" അലറി വിളിച്ചുള്ള ഈ വിളി കൂട്ടിലെ പറക്കാനാവാത്ത കുഞ്ഞുങ്ങളെ വരെ പറത്തി കളഞ്ഞു. ഈ ഗർജനത്തിനു മുന്നിൽ ഞാൻ ഒന്നുമല്ല എന്നോണം സിംഹങ്ങൾ നാണിച്ചു പോയി.

ഇതാരാണ്? താഴ്‌വരയിലെ ഒരു കൊച്ചു വീട്ടിൽ നിന്നാണ്. രാവിലെ തന്നെ ഏക മകൻ അപ്പുവിനെ സരസ്വതി ഉറക്കത്തിൽ നിന്ന് വിളിച്ച് എഴുന്നേൽപ്പിക്കുന്ന ശബ്ദമാണ്. ഇത് കേട്ടിട്ടും എഴുന്നേൽക്കാതെ കിടക്കുകയാണ്. എന്ത് ചെയ്തിട്ടും കാര്യമില്ല എന്ന് മനസ്സിലാക്കിയ സരസു തൻറെ ഗ്രാമത്തിലെ ഏക സ്കൂൾ ആയ കുന്നത്തുമല എച്ച് എസ് സ്കൂളിൻറെ പ്രധാന അധ്യാപകനുമായ ചാക്കോ മാഷ് കേൾക്കാൻ എന്നോണം പറഞ്ഞു, "ദേ കേട്ടോ, ഇവൻ ഇന്നൊന്നും എണീക്കില്ല എന്ന് തോന്നുന്നു നിങ്ങൾ ഒന്നിങ്ങോട്ട് വന്നേ"? ചാരുകസേരയിൽ ചാരി കിടന്നു പത്രം വായിച്ചു കൊണ്ടിരുന്ന ചാക്കോ ചാടി എണീറ്റ് ഒരച്ഛൻ തൻറെ ഏക മകനായി മാത്രം കരുതിവച്ചിരുന്നതും ഒരു അധ്യാപകന്റെ പ്രധാനായുധവുമായ ചൂരൽ ഉത്തരത്തിൽ നിന്ന് വലിച്ചൂരിയെടുത്തു. "ടാ, കുരുത്തംകെട്ടവനെ നിന്നെ ഞാൻ ശരിയാക്കും. രാവിലെ പൊന്നീച്ചയെ കണികാണണ്ടെങ്കിൽ എണീറ്റോ" ഇത് കേൾക്കാത്ത താമസം കട്ടിലാണോ നിലമാണോ ആവോ അവൻ അവിടെ നിന്നു ഓടി കുളിക്കാനായി കുളിമുറിയിൽ കയറി. എന്നാൽ ചാക്കോ തൻറെ പ്രസംഗവും ഉപദേശവും നിർത്തിയില്ല. ഇത് കേട്ടിട്ടും എന്നും അച്ഛൻ പറയാറുള്ള കാര്യമായതിനാൽ അവനത് ഗൗനിച്ചില്ല. ഭക്ഷണമൊക്കെ കഴിച്ച് കഴിഞ്ഞ് ഒരുങ്ങി സ്കൂളിൽ പോകാൻ വീട്ടിൽ നിന്നിറങ്ങിയ അപുവിനോട് അമ്മ വിളിച്ചു പറഞ്ഞു, "എടാ അച്ഛൻ ഇപ്പോൾ ഇറങ്ങും നീ അച്ഛൻറെ കൂടെ പോ" ഞാൻ പോയ്ക്കോളാം. ഇതും പറഞ്ഞ് അവൻ വീട്ടിൽ നിന്ന് ഇറങ്ങി. അവൻറെ സ്കൂളിലേക്കുള്ള പാതയിൽ ഒരു കുറ്റിക്കാട് ഉണ്ടായിരുന്നു. അവനാ കാട്ടിലേക്ക് ഓടിക്കയറി അവിടെയുള്ള ഒരു മരത്തിലേക്ക് എത്തിനോക്കി. അതിൽ ഒരു അമ്മക്കിളിയും മൂന്ന് കുഞ്ഞു കിളികളും ഉണ്ടായിരുന്നു . നോക്കിയശേഷം അവൻ സ്കൂളിലേക്ക് പോയി. തന്റെ മകൻറെ വരവും കാത്ത് ചാക്കോ മാഷ് കണ്ണും തുറിച്ചു സ്കൂൾ വരാന്തയിൽ ഉണ്ടായിരുന്നു. അവനത് കാണാത്ത പോലെ ക്ലാസിലേക്ക് ഓടി. ഇതായിരുന്നു അപ്പുവിന്റെ ഒരു ദിവസം. വർഷങ്ങൾ കടന്നുപോയി ആകാശം പലവട്ടം കരഞ്ഞും ചിരിച്ചും ഭൂമി പലവട്ടം രോഷം കൊണ്ടും പിന്നെയും ശാന്തമായി. ഇങ്ങനെ ദിവസങ്ങൾ കടന്നുപോയി അപ്പു വളർന്നു. ഇപ്പോൾ അവൻ അത്യാവശ്യം പഠിപ്പും പത്രാസും ഉള്ള ഒരു പയ്യനാണ്. ഒരിക്കൽ അവൻ തൻറെ പഴയ ചങ്ങാതിമാരായ കിളികളെ കാണാൻ പോയി. പഠനത്തിൻറെ കാര്യങ്ങൾ അമിതമായതുകൊണ്ട് അവൻ കുറച്ചു വർഷമായി അങ്ങോട്ടൊന്നും പോയിട്ടില്ല, എന്നാൽ അവിടെ എത്തിയ അവൻ അക്ഷരാർത്ഥത്തിൽ ഞെട്ടിപ്പോയി. ഈ കിളികൾ അമ്മയെ വിട്ട് മാറാതെ അവിടെത്തന്നെ നിൽക്കുന്നു.

നിങ്ങളെ പോലെയായിരുന്നു ഞാനും. എന്നും എന്നെ കാത്തിരിക്കുന്ന അമ്മയില്ല. അമ്മതൻ പൊന്നുമ്മ ഇല്ല. എൻറെ അമ്മ കഴിഞ്ഞ വർഷം ഒരു രോഗം ബാധിച്ചു മരിച്ചു എന്നും ഞാൻ എത്ര വൈകിയാലും വിളക്ക് വച്ച് ഭക്ഷണം പോലും കഴിക്കാതെ അമ്മ ഇരിക്കുമായിരുന്നു. ഇനി ആ പ്രകാശമില്ല എന്നന്നേക്കുമായി അണഞ്ഞു.

ഇതും പറഞ്ഞ് അവൻ വിതുമ്പി. അവന്റെ സ്വരം ഇടറി. മനുഷ്യ ഭാഷ മനസ്സിലായില്ലെങ്കിലും അവൻ പറഞ്ഞതുപോലെ ഒരു ദുരനുഭവം എൻറെ ജീവിതത്തിലും ഉണ്ടാകും. ആ കിളികളും കൂടണഞ്ഞു മറ്റെങ്ങും.

മോൻസി ബിഎച്ച്
8 H

# പ്രകൃതി



പ്രകൃതി നിൻഭംഗിയെൻ മനതാരിൽ തെളിയുമ്പോൾ
എന്തെന്തു ഭാഗ്യവാൻ മാനവനെന്നോർക്കണം
തരുവും പുൽപടർപ്പും ചെടികളും
ആടിത്തിമിർക്കുന്ന തിരമാലയും
എങ്ങും ചെങ്കതിർപടർത്തുന്ന സൂര്യനും
നിലാവു പരത്തുമീ പൗർണമീ ചന്ദ്രനും
സുന്ദരിയാം കാർമേഘത്തിൻ മഴവില്ലും
സുഖശീതളമീ മന്ദമാരുതനും
കളകളശബ്ദത്താലൊഴുകും അരുവിയും
കുഞ്ഞുനക്ഷത്രങ്ങൾ വിരിയുമാകാശവും
മധുരമാം ശബ്ദത്തിൻ കിളിനാദവും
കൺകുളിർക്കും മായക്കാഴ്ചകളും
മാറിമാറിയെത്തും ഋതുക്കളും
ഒരിയ്ക്കലും നിലയ്ക്കാത്ത ജീവവായുവും
എല്ലാ കൂടിയെൻ പ്രകൃതി അവർണനീയം

കൃഷ്ണ എസ് .എ
8H

## ഇന്നെൻ ലോകനാദം

ഞാനെത്താത്തിടത്തെത്തും എൻ ലോക ഗീതം.
മെരുക്കുവാനാകുന്നു നിന്നെ മരിക്കുവോളം.
സ്നേഹമായണയൂ എന്നരികിലോളം.
വരുമോ എന്നരികിൽ ഒരിക്കലൂടെ..........
കാത്തിരിക്കുമെന്നും നിൻ സമയതാളം.
ജനങ്ങളിലലിയുന്നുവോ നീ ഇന്നിനിപ്പോൾ.
നിന്നെ അറിയാത്തതെന്തേ.
നിൻ വിളി കേൾക്കാത്തതെന്തേ ഈ ജീവതാളം.
നിൻ നാദമാണോ നിന്നിലുലയുന്ന ഗീതം.
പക്ഷിക്കു കൂട്ടായി അതിന്റെ താളം.
നിനക്ക് കൂട്ടായി ഈ ജീവതാളം.
അലിയാത്തതെന്തേ നിൻ സ്നേഹം, ഞങ്ങളിലുടനീളം.
എത്തിനോക്കും നിൻ വേദനാഗീതം ചിറകു പോയ ഒരു പക്ഷിക്കു സമമായി.
വിളിക്കുന്നുവോ ഒരു കൈത്താങ്ങിനായി.
സഫലമാണോ നിൻ യാത്ര.
ഇവിടെയെന്തോർമ്മകളെന്നോ നിന്നിലൂടെ.
ചുരുളഴിയുന്നുവോ നിൻ നൊമ്പര ഗീതം.
സ്വർലോഗത്തിനടുവിലാണിന്നിപ്പോൾ
എത്രയോ ജീവതലങ്ങൾ ആശ്രയിക്കുന്നതാണ് നിൻ ശിരസ്സ്.
നിൻ ശിരസ്സിലാണവരുടെ ലോകം.
അതായത് നിന്നിലലിയിച്ചതാണവരുടെ പ്രതീക്ഷ.
ലോകമേ നീയെൻ കുടുംബധാരണ.
നീ ഈ ജീവനാശ്രയമോ?
നോക്കുന്നുവോ നിൻ സ്നേഹലതാതികൾ.
ഞങ്ങളെ നിൻ സേവചാരകളാന്നെന്നോ തുമോ?
മാഞ്ഞില്ലേ നിൻ പുതുമ കാട്ടിൽ പറത്തിയ മാതിരി.
കാട്ടുന്ന മനുഷ്യന്റെ ദൃഷ്ട മാതിരികൾ പാടുന്ന
നിന്റെ നാദത്തിലുണ്ടോ നിൻ വേദനാജനകമോ ഈ ജീവജാലം.
തരുമോ ചോദ്യങ്ങൾക്കുത്തരം ഉടനീളം.
നിൻ ഭദ്രകാളിയാണോ നിൻ വേദനാ ഗീതം.
എന്നാണ് നിൻ ദുഃഖ ഗാനത്തിന്
അവസാനം.
നീ തേടുന്ന വഴികൾ നിന്നിലാഴുമോ.
കാത്തിരിക്കട്ടെ നിൻ സ്നേഹ ഗീതത്തോടൊപ്പം ഞങ്ങളും.
നിൻ പ്രഭയാണ് ഞങ്ങൾക്ക് സമാശ്വാസം.
മെരുക്കുന്നു ഞാൻ നിന്റെ ഗീതനാദം.....

മുബഷിറ
9G

# MY MOTHER

How dear your face is----
How dear your voice is----
How innocent your smile is----
Like the clear sky
You are a wonder
Greater than all the seven wonders
Nothing can reach upto you
Oh my dear mother !!!

***Noora. H***
***10 A***

# ഓർമ്മച്ചെപ്പ്

ഞാൻ സ്നേഹ. പത്താം ക്ലാസിലെ വിനോദയാത്ര എന്നത് ചെറുപ്പം മുതലുള്ള ഒരാഗ്രഹമായിരുന്നു.

തയ്യാറാക്കി. രണ്ട് ദിവസം മുമ്പ് തന്നെ ഞാൻ ബാഗൊക്കെ റെഡിയാക്കി, ഡ്രസ്സും വേണ്ടുന്ന സാധനങ്ങളും എടുത്തുവച്ചു. ഒന്നും മറന്നിട്ടില്ലായെന്ന് ഉറപ്പുവരുത്തി. വിനോദയാത്രയ്ക്കായി സ്ക്കൂളിൽ സംഘടിപ്പിച്ച മീറ്റിംഗുകൾ കൂടി കഴിഞ്ഞപ്പോൾ എൻറെ ആവേശം കൂടി. വ്യാഴ്യാഴ്ച രാവിലെ നാലുമണിക്ക് പുറപ്പെടണമെന്ന് സാർ പറഞ്ഞു. അങ്ങനെ ബുധനാഴ്ച എത്തി. സ്ക്കൂൾ വിട്ട് 4.30 ന് വന്ന ഞാൻ നാളേയ്ക്കായി കാത്തിരുന്നു. സന്ധ്യയായപ്പോഴേക്ക് മഴയും തുടങ്ങി. മഴ ഇനി നാളെ എൻറെ യാത്രയ്ക്ക് തടസ്സമാകുമോ എന്ന് ഞാൻ ഭയന്നു. നാളത്തേയ്ക്ക് മഴ മാറുമെന്ന വിശ്വാസവുമായി

കിടന്നു.വെളുപ്പിന് 2 മണിയായപ്പോൾ ഞാൻ ഉണർന്നു റെഡിയായി. 3.30 ആയപ്പോൾ അച്ഛൻ എന്നെ സ്ക്കൂളിൽ കൊണ്ടുവന്നു. മഴ നമ്മുടെ യാത്രക്കായി വഴിമാറി. സ്ക്കൂളിലെത്തിയപ്പോൾ എനിക്ക് സന്തോഷം. എല്ലാവരും നേരത്തെ

തന്നെ എത്തി. ആവേശഭരിതരായി നിൽക്കുന്ന ഞങ്ങൾ മൂന്ന് ബസ്സുകളിലായി കേറി. ഞങ്ങൾ 120 പേരാണ് ടൂറിൽ ഉണ്ടായിരുന്നത്. പിന്നെ ഞങ്ങളുടെ പ്രിയ അധ്യാപകരും. ഞങ്ങളുടെ ക്ലാസ് ടീച്ചർ ആയ ജസ്റ്റിൻ സാറും ഞങ്ങളുടെ ബസ്സിലായിരുന്നു. ആദ്യം ഞങ്ങളുടെ യാത്ര വണ്ടർലായിലേക്ക് ആയിരുന്നു. ടി വി യിൽ കണ്ടും കേട്ടും മാത്രം അറിഞ്ഞിരുന്ന വണ്ടർലായിലേക്ക് എത്താൻ ഏറെ കൊതിയോടെ ഞാനിരുന്നു. കിഴക്ക് സൂര്യൻറെ വെള്ളി വെളിച്ചം വരുന്നതിനു മുൻപ് തന്നെ പുലർച്ചെ 4.30ന് ഞങ്ങളുടെ ഒന്നാം ദിവസത്തെ യാത്ര തുടങ്ങി. ബസ്സിൽ ആർപ്പുവിളിയും ബഹളവുമായി. ഞങ്ങളുടെ യാത്രയുടെ ആവേശം തലേദിവസത്തെ മഴയുടെ തണുത്ത കാറ്റും ഞങ്ങളുടെ യാത്രയ്ക്ക് ഇരട്ടി മധുരം നൽകി. ഞങ്ങൾ കൊല്ലം- ആലപ്പുഴ വഴി എറണാകുളത്തേക്ക് യാത്ര തുടർ
നേരം വെളുത്തു തുടങ്ങിയപ്പോൾ ആകാശനീലിമയും
മേഘങ്ങളാൽ തെളിയുന്ന ചിത്രങ്ങളും ചിറകടിച്ചു ഉയർന്ന കളകള ആരവമുയർത്തി പറന്നകലുന്ന പക്ഷികളും ആകാശ പശ്ചാത്തലത്തിൽ വൃക്ഷത്തലുകൾ പൊങ്ങി നിൽക്കുന്ന അതി സുന്ദരമായ കാഴ്ചകളും ബസ്സിന്റെ ചലന വേഗതയിലൂടെ ഞാൻ

ആസ്വദിച്ചു. പുലർകാല യാത്രകൾ ഇത്രയേറെ സുന്ദരമാണെന്ന് ഞാൻ അപ്പോഴാണ് അറിയുന്നത്. കണ്ണ് നിറഞ്ഞു കാണേണ്ട വഴികളും കണ്ണടച്ച് കാതുകൾ കൊണ്ട് കേട്ട് മാത്രം ആസ്വദിക്കേണ്ട സന്ദർഭങ്ങളും ഈ യാത്രയിൽ കടന്നെത്തി. രാവിലെ 8.15 ആയപ്പോൾ ഞങ്ങൾ ചേർത്തലയിലെത്തി. പ്രഭാത ഭക്ഷണം കഴിച്ചു ഊർജ്ജസ്വലരായി ഞങ്ങൾ ബസ്സിൽ കയറി യാത്ര തുടർന്നു. സ്ക്കൂളിൽ ക്ലാസ് തുടങ്ങിയപ്പോൾ ജസ്റ്റിൻ സാർ സലീം സാറിനെ വീഡിയോ കോൾ ചെയ്തു. ക്ലാസ്സിൽ ഉണ്ടായിരുന്ന ഞങ്ങളുടെ കൂട്ടുകാരെ ഞങ്ങൾക്ക് കാണാൻ കഴിഞ്ഞു. അവരും കൂടി ഈ യാത്രയിൽ ഉണ്ടായിരുന്നെങ്കിൽ എന്ന് ഞാൻ ആശിച്ചു. ഞാൻ അവരെ വല്ലാതെ മിസ്സ് ചെയ്തു. അങ്ങനെ 11:30 ആയപ്പോൾ ഞങ്ങൾ കേരളത്തിലെ ഏറ്റവും വലിയ അമ്യൂസ്മെൻറ് പാർക്കായ വണ്ടർലായിൽ എത്തി. വണ്ടർലാ എന്ന പടുകൂറ്റൻ  കണ്ടപ്പോൾ ഞങ്ങൾ തന്നെ ആവേശഭരിതരായി. യാത്രാവേളയിൽ തണുപ്പ് ഒരുവേള ചെറിയ ജലദോഷം എനിക്ക് സമ്മാനിച്ചു എങ്കിലും ഞാൻ അത് കാര്യമാക്കിയില്ല.

അവിടെ ചെന്നിറങ്ങിയപ്പോൾ തന്നെ അവിടുത്തെ ഗൈഡ് എല്ലാ വിവരങ്ങളും ഞങ്ങൾക്ക് പറഞ്ഞു തന്നു. വൈവിധ്യമാർന്ന റൈഡുകൾ കണ്ടപ്പോൾ തന്നെ എല്ലാറ്റിലും കയറാൻ ആവേശമായിരുന്നു. അങ്ങനെ ഞങ്ങൾ വണ്ടർലാ ബാംബോയിൽ കയറി. തുടർന്ന് സൂപ്പർ ജമ്പർ, മിസ്റ്റിക്ക് സോസർ, വി ആർ കോസ്റ്റർ, ഡാൻസിംഗ് കാർ, റോക്കിങ് ടഗ് തുടങ്ങി നിരവധി റൈഡുകളിൽ കയറി . ചിലതിൽ

കയറാൻ മടിച്ചു. എന്നെയും ജാനകിയെയും ലാൽ കുമാർ സാർ ധൈര്യം പകർന്നു റൈഡുകളിൽ കയറ്റി. അങ്ങനെ മനോഹര കാഴ്ച സമ്മാനിക്കുന്ന സ്കൈയറിങ് റൈഡിൽ സാറിനോടൊപ്പം ഞങ്ങളും കയറി. അതിനു മുകളിലെത്തിയപ്പോൾ എറണാകുളം നഗരം

കാണാൻ കഴിഞ്ഞു. ഉച്ചയായപ്പോഴേക്കും ഞങ്ങൾ അവിടെ നിന്ന് വെജിറ്റബിൾ ബിരിയാണി കഴിച്ചു. ശേഷം പ്രതാപൻ സാർ വന്ന് ഞങ്ങളെ സർക്കസ് കാണിക്കാൻ കൂട്ടിക്കൊണ്ടുപോയി. അത്ഭുതകരമായ തത്സമയം ഷോയ്ക്ക് സാക്ഷ്യം വഹിക്കാനുള്ള ഒരവസരം ആയിരുന്നു അത്. അനായാസേനയുള്ള മെയ് വഴക്കവും അഭ്യാസമുറകളും കൊണ്ട് സർക്കസ് കലാകാരന്മാർ ഞങ്ങളെ നന്നായി രസിപ്പിച്ചു

അവിടെ രസകരമായ ഒരുപാട് റൈഡുകൾ ഉണ്ടായിരുന്നു. എന്നാൽ അവയിൽനിന്ന് ഞാനും ജാനകിയും വിട്ടുനിന്നു. സൂര്യലക്ഷ്മിയും പാർവതിയും ജ്യോതികയുമൊക്കെ വാട്ടർ റൈഡുകൾ നന്നായി ആസ്വദിച്ചു. വൈകുന്നേരം 6.15 ആയപ്പോൾ ഞങ്ങൾ വണ്ടർലായിൽ നിന്ന് മനസ്സില്ലാ മനസ്സോടെ ഇറങ്ങി. അപ്പോൾ ചെറിയ ചാറ്റൽ മഴ ഉണ്ടായിരുന്നു. അടുത്തത് മൂന്നാറിലേക്ക്. ഞങ്ങളുടെ യാത്ര തുടർന്നു. വഴിയിലിറങ്ങി ചായയും പഴംപൊരിയും കഴിച്ച

രാത്രി യാത്ര പ്രദാനം ചെയ്യുന്ന ആകാശക്കാഴ്ചകൾ വാക്കുകൾക്കതീതമായിരുന്നു. കോടാനുകോടി നക്ഷത്രങ്ങൾ

വൃക്ഷത്തലപ്പുകൾക്കിടയിലൂടെ എന്നെ നോക്കി കണ്ണുകൾ ചിമ്മി. വാഹന വെളിച്ചത്തിൽ കുളിച്ചു നിൽക്കുന്ന വഴിയോര മരച്ചില്ലകൾ സുന്ദരമായ കാഴ്ച തന്നെയായിരുന്നു. ഏകദേശം എട്ടു മണിയായപ്പോൾ ഞങ്ങൾ ഭക്ഷണം

കഴിക്കാനായി ഇറങ്ങി. ഒരു ഹോട്ടലിൻറെ മുകളിലത്തെ നിലയിലുള്ള കോൺഫറൻസ് ഹാളിലായിരുന്നു ഞങ്ങൾക്കായി അത്താഴം ഒരുക്കിയിരുന്നത്. വിഭവസമൃദ്ധമായ അത്താഴമായിരുന്നു അവർ ഞങ്ങൾക്ക് നൽകിയത്. ഭക്ഷണത്തിനു മുൻപ് മാനസി ട്രാവൽസിന്റെ വക ഞങ്ങൾക്ക് ഒരു കേക്ക് തന്നു. ബീന കുമാരി ടീച്ചർ സന്തോഷത്തോടെ അത് കട്ട് ചെയ്തു. ഞങ്ങളെല്ലാവരും അതിൽ നിന്ന് ഓരോ കഷ്ണം കഴിച്ചു.

ഭക്ഷണശേഷം നമ്മൾ വീണ്ടും യാത്ര തുടർന്നു. രാത്രി 12 മണിയായപ്പോൾ ഞങ്ങൾ അടിമാലിയിൽ എത്തി. യാത്രാക്ഷീണം എല്ലാവർക്കും ഉണ്ടായിരുന്നു. നേരത്തെ ബുക്ക് ചെയ്തിരുന്ന ഹോട്ടലിൽ ഞങ്ങൾക്കായി മുറികൾ റെഡിയായി. അത്യാധുനിക സൗകര്യങ്ങളുള്ള മുറിയായിരുന്നു അത്. ഞാനും സൂര്യലക്ഷ്മിയും ജ്ഞാനകിയും ഫംസിയയും ഒരു മുറിയിലായിരുന്നു. റൂം

ഞങ്ങൾക്ക് വളരെയേറെ ഇഷ്ടപ്പെട്ടു. ഞങ്ങൾ ഫ്രഷായി ഉറങ്ങാൻ കിടന്നു. ഉറങ്ങാൻ കിടന്നെങ്കിലും ഞങ്ങളുടെ മനസ്സ് വണ്ടർലാ എന്ന അത്ഭുത ലോകത്ത് ആയിരുന്നു. ഞങ്ങൾ വണ്ടർലായെ കുറിച്ച് തോരാതെ സംസാരിച്ചു. നാളത്തെ യാത്രയുടെ സുന്ദര നിമിഷങ്ങളെ താലോലിച്ച് ഞങ്ങൾ ഉറങ്ങി. രാവിലെ ആറുമണിയായപ്പോൾ രാജ്യ ടീച്ചർ വന്നു. റൂമിൽ ഹോളിങ് ബെൽ അടിച്ചു. അപ്പോൾ ഞങ്ങൾ ഉണർന്നു. ഞങ്ങൾ വേഗം റെഡിയായി ഇറങ്ങാൻ നേരം ബാൽക്കണിയിൽ നിന്ന് പുറത്തേക്ക് നോക്കിയപ്പോൾ അതി സുന്ദരമായ കാഴ്ചയായിരുന്നു കാണാൻ കഴിഞ്ഞത്. മഞ്ഞുമൂടിയ പർവത നിരകൾ കണ്ണിനു കുളിർമയേകി. അവിടെ തയ്യാറാക്കിയ പ്രഭാതഭക്ഷണം കഴിച്ച് പാട്ടും ഡാൻസുമായി മൂന്നാറിലേക്കുള്ള ഞങ്ങളുടെ യാത്ര തുടർന്നു.

ഞങ്ങൾ രാവിലെ ഏകദേശം പത്തുമണിയായപ്പോൾ മൂന്നാറിൽ എത്തി. മഞ്ഞണിഞ്ഞ തേയില തോട്ടങ്ങളും പരന്നു കിടക്കുന്ന മലമേടുകളും മഞ്ഞു പുതച്ച വഴികളും ഏറെ സൗന്ദര്യം നിറഞ്ഞ കാഴ്ചകളായിരുന്നു. ഒപ്പം കോടമഞ്ഞു വാരിവിതറിയ സുഖകരമായ തണുപ്പ് എൻറെ കണ്ണിനെയും

മനസ്സിനെയും വിസ്മയിപ്പിച്ച കാഴ്ചകൾ ആയിരുന്നു. കരിമ്പാറ കൂട്ടങ്ങൾക്കിടയിലൂടെ വെള്ളിയാഭരണം പോലെ ഒഴുകി ഇറങ്ങുന്ന നീർച്ചാലുകൾ കൗതുകം നിറഞ്ഞ കാഴ്ച തന്നെയായിരുന്നു. മൂന്നാറിൽ ഞങ്ങൾ ആദ്യം കണ്ടത് ഒരു വെള്ളച്ചാട്ടം ആയിരുന്നു. ആകർഷകമായ ആ ദൃശ്യം പ്രകൃതിയുടെ മികച്ച കലാ വിരുന്നിന് ഉദാഹരണമാണ്. അവിടെ നിന്നും ഞങ്ങളുടെ അടുത്ത യാത്ര മാട്ടുപ്പെട്ടി ഡാമിലേക്ക് ആയിരുന്നു. മൂന്നാറിലെത്തുന്ന സഞ്ചാരികളുടെ ബോട്ടിംഗ് പോയിൻറ് ആണ് ഈ അണക്കെട്ട്. സമീപത്ത് എക്കോ പോയിൻറ് ഉണ്ട്. അവിടെവച്ച് ഞങ്ങൾ ഉച്ചത്തിൽ ശബ്ദം ഉണ്ടാക്കി. അപ്പോൾ അതിൻറെ പ്രതിധ്വനി കേൾക്കാൻ കഴിഞ്ഞു. അവിടെ നിന്ന് ഞങ്ങൾ ജസ്റ്റിൻ സാറിനൊപ്പം ഗ്രൂപ്പ് ഫോട്ടോ എടുത്തു. പിന്നെ ഓരോരുത്തരും സാറിൻറെ ഫോണിൽ ഫോട്ടോ എടുക്കുന്ന തിരക്കിലായിരുന്നു. ഏറ്റവും ഉയരം കൂടിയ സ്ഥലമാണ് എക്കോ

പോയിൻറ്. ഇവിടുത്തെ ഉയര കൂടുതൽ കാരണം ചില കുട്ടികൾക്ക് അസ്വസ്ഥത ഉണ്ടായി. അപ്പോൾ ഞങ്ങളുടെ അധ്യാപകർ ചികിത്സ നൽകി. ഈ യാത്രാവേളയിൽ

അധ്യാപകരുടെ സഹായസഹകരണങ്ങൾ എടുത്തു പറയേണ്ടതാണ്. ഞങ്ങൾക്ക് എന്ത് ബുദ്ധിമുട്ട് ഉണ്ടായാലും അവർ അത് വേണ്ട രീതിയിൽ കൈകാര്യം ചെയ്യുകയും സ്വന്തം കുഞ്ഞുങ്ങളെ പോലെ നോക്കുകയും ചെയ്തു. ബസ്സിൽ കയറാനായി ഞങ്ങൾ റോഡിലൂടെ നടന്നപ്പോൾ ഇരുവശത്തുമുള്ള കടകൾ ഞങ്ങളെ ആകർഷിച്ചു. വ്യത്യസ്ത രുചിയിലുള്ള ചോക്ലേറ്റുകളും തേയില പൊടിയും അവിടെയുണ്ടായിരുന്നു. ഞങ്ങളെല്ലാവരും ചോക്ലേറ്റുകൾ വാങ്ങി വീണ്ടും യാത്ര തുടർന്നു. ഉച്ചഭക്ഷണസമയം ആയതിനാൽ എല്ലാവരും വിശന്നു തളർന്നു. ഭക്ഷണം കഴിക്കാനായി ഞങ്ങൾ ഒരു കടയിൽ കയറി. ചിക്കൻ ബിരിയാണി കഴിച്ചു. തുടർന്ന് ഇരവികുളം നാഷണൽ പാർക്കിലേക്ക് ആയിരുന്നു അടുത്ത യാത്ര. മൂന്നാറിലെ പ്രശസ്തമായ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഒന്നാണിത്. വംശനാശ ഭീഷണി നേരിടുന്ന വരയാടുകളും ചില അപൂർവയിനം ചിത്രശലഭങ്ങളും പക്ഷികളും അടങ്ങുന്ന പ്രകൃതിയുടെ സ്വന്തം അൽഭുത ലോകമാണിവിടം. വനംവകുപ്പിന്റെ വാഹനത്തിലാണ് ഞങ്ങളെ അവിടേക്ക്

കൊണ്ടുപോയത്. അവിടെ നല്ല മഞ്ഞ ആയിരുന്നു. വരയാടുകളെ കാണാമെന്ന മോഹത്തോടെ പോയ ഞങ്ങൾക്ക് നിരാശരാകേണ്ടി വന്നു. ഒന്നിനെ പോലും ഞങ്ങൾക്ക് അവിടെ കാണാൻ സാധിച്ചില്ല. വൈകുന്നേരം 6:00 മണിയായപ്പോൾ ഞങ്ങൾ അവിടെ നിന്നിറങ്ങി. ബസ്സിൽനിന്നും തിരിച്ചിറങ്ങുമ്പോഴും മനസ്സ് അവിടെ തന്നെയായിരുന്നു. പ്രകൃതിയുടെ വരദാനമായ മൂന്നാറിലേക്ക് ഇനിയും വരാമെന്ന

്രത്യാശയോടെ ഞങ്ങൾ മൂന്നാറിനോട് വിടപറഞ്ഞു. ബസ്സിന്റെ ചലന വേഗതയിൽ പ്രകൃതി അതിന്റെ സൗന്ദര്യമുള്ള എൻറെ കണ്ണിനെയും മനസ്സിനെയും തഴുകിക്കൊണ്ടിരുന്നു. അടുത്ത യാത്ര കൊടൈക്കനാലിലേക്കായിരുന്നു.

യാത്രാമധ്യേ ഞങ്ങൾ ചായ കുടിക്കാൻ ഇറങ്ങി. അങ്ങനെ ഞങ്ങൾ ചായയും ബിസ്ക്കറ്റും കഴിച്ചു. വീണ്ടും ഞങ്ങൾ യാത്ര തുടർന്നു. ബസ്സിൽ ആർ ഡി എക്സ് എന്ന സിനിമ ഇട്ടുതന്നു. എന്നാൽ ഹൈറേഞ്ച് ഇറങ്ങുന്നതിനാൽ കുട്ടികൾക്ക് എല്ലാവർക്കും ഓരോ ശാരീരിക ബുദ്ധിമുട്ടുകൾ ഉണ്ടായി. ചിലർക്ക് ഛർദി, തല

എന്നിവയുണ്ടായി. അങ്ങനെ ബസ്സിൽ ആകെ ബഹളമായി. അധ്യാപകർ എല്ലാവർക്കും വേണ്ട സഹായങ്ങൾ ചെയ്തു കൊടുക്കുകയും ഞങ്ങളോട് ഉറങ്ങാൻ ആവശ്യപ്പെടുകയും ചെയ്തു.  ഇങ്ങനെ എല്ലാവരും ഉറങ്ങി. ഉറക്കം കഴിഞ്ഞ് എഴുന്നേറ്റപ്പോൾ ഏകദേശം 12 മണിയായി. യാത്രയുടെ നല്ലൊരു ഭാഗവും ഞങ്ങൾ പിന്നിട്ടു കഴിഞ്ഞിരുന്നു.ഞങ്ങൾ വീണ്ടും യാത്ര തുടർന്നു. വീണ്ടും എല്ലാവരും ബസ്സിൽ ഉറക്കമായി. മൂന്ന് മണിയായപ്പോൾ ഞങ്ങൾ റൂമിൽ എത്തി. ചെന്നിറങ്ങിയപ്പോൾ തന്നെ കൊടും തണുപ്പായിരുന്നു. ഞങ്ങൾ എല്ലാവരും സുഖമായി ഉറങ്ങി. രാവിലെ 6:00 മണിയായപ്പോൾ ടീച്ചർ വന്ന് വാതിലിൽ മുട്ടി ഞങ്ങളെ ഉണർത്തി. എല്ലാവരെയും റെഡി ആയശേഷം പ്രഭാത ഭക്ഷണം കഴിച്ച് പൈൻ ഫോറസ്റ്റിലേക്ക് യാത്ര തിരിച്ചു. ശരിക്കും വാക്കുകൾകൊണ്ട് വർണ്ണിക്കുന്നതിനും അപ്പുറത്തായിരുന്നു കൊടൈക്കനാലിന്റെ സൗന്ദര്യം.

പൈൻ ഫോറസ്റ്റ് എത്തിയപ്പോഴേക്കും ഞങ്ങൾ ബസ്സിൽ കയറി. നല്ല തണുത്ത കാലാവസ്ഥയും പക്ഷികളുടെ ശബ്ദങ്ങളും ചേർന്ന ഒരു നല്ല അനുഭവമായിരുന്നു ഞങ്ങളുടെ സമയം ഞങ്ങൾ നന്നായി ആസ്വദിച്ചു

അനേകം പൈൻ മരങ്ങൾ ഗാംഭീര്യത്തോടെ നിൽക്കുന്ന കാഴ്ച എനിക്ക് അവിടെ കാണാൻ കഴിയും. മരങ്ങൾ മുഴുവൻ ഉണങ്ങിയ ഇലകൾ കൊണ്ട് ചാരനിറത്തിൽ കാണപ്പെട്ടു. ഞങ്ങൾ അവിടെ പലപല കളികൾ കളിക്കുകയും ഫോട്ടോ എടുക്കുകയും ചെയ്തു. അവിടെ സമയം ചെലവഴിച്ച ശേഷം ഞങ്ങൾ ഗുണ ഗുഹയിലേക്ക് നീങ്ങി. ഗുണ ഗുഹകൾ നിശ്ശബ്ധതയും അൽഭുതവും നിറഞ്ഞതായിരുന്നു.സുരക്ഷാകാരണങ്ങളാൽ ഞങ്ങൾക്ക് ഗുഹയിലേക്ക് പ്രവേശിക്കാൻ കഴിഞ്ഞില്ല. സുരക്ഷിതമായ അകലങ്ങളിൽ നിന്ന് കാണാൻ മാത്രമാണ് കഴിഞ്ഞത്. ഗുണ എന്ന കമലഹാസൻ ചിത്രം ഇവിടെയാണ് ചിത്രീകരിച്ചത്. അതിനുശേഷം ആണ് ഈ ഗുഹകൾ പ്രശസ്തമായതെന്ന് കൂട്ടുകാരികൾ പറഞ്ഞു. അവിടെയും നല്ല മഞ്ഞായിരുന്നു. മരങ്ങളുടെ മെലിഞ്ഞതും വളഞ്ഞൊടിച്ചതുമായ വേരുകൾ പ്രദേശത്തുടനീളം വ്യാപിച്ചുകിടന്നു. ഞങ്ങളാ വേരുകൾ ചവിട്ടി കയറുകയും അവിടെവച്ച് ഫോട്ടോ എടുക്കുകയും ചെയ്തു. സൗന്ദര്യവും പ്രസന്നമായ അന്തരീക്ഷവും മനസ്സിന് നല്ല കുളിർമയേകി. ഞങ്ങൾ അവിടെ നിന്നിറങ്ങിയപ്പോൾ മഴ തുടങ്ങി. മഴ കുറയുന്നതും കാത്ത് ഞങ്ങൾ നിന്നു. എന്നാൽ മഴക്കാകട്ടെ ഒരു ശമനവും ഉണ്ടായില്ല. മഴയുടെ തീവ്രത കൂടിയതേയുള്ളൂ. പിന്നെ ഞങ്ങൾ മഴയെ വകവയ്ക്കാതെ ആഹാരം കഴിക്കാനായി പോയി. അന്ന് മഴ ഞങ്ങളെ ബുദ്ധിമുട്ടിച്ചെങ്കിലും ഇന്ന് മഴയും മഞ്ഞും സുഖമുള്ള ഓർമ്മകളാണ് തന്നത്. കൊടൈക്കനാൽ തടാകം കാണണമെന്ന ഞങ്ങളുടെ മോഹത്തെ തല്ലികെടുത്തിയ മഴ. അതായിരുന്നു യാത്രയിലെ ഏറ്റവും വലിയ നിരാശ.

ഉച്ചഭക്ഷണം കഴിച്ച ശേഷം ഞങ്ങൾ ഡി ജെ പാർട്ടി പങ്കെടുക്കാൻ പോയി. കേട്ട് മാത്രം പരിചയമുള്ള ഡി ജെ പാർട്ടി എന്താണെന്ന് ഞാൻ നേരിൽ കണ്ടു. വർണ്ണ  വെളിച്ചത്തിൽ അടിപൊളി പാട്ടുകൾ. എല്ലാവരും നൃത്തച്ചുവടുകൾ വച്ചു. അതിൽ അധ്യാപകരും പങ്കുചേർന്നു. ഏതോ ഒരു വിസ്മയ ലോകത്ത് എത്തിയ പ്രതീതി ആയിരുന്നു ഞങ്ങൾക്ക്. എല്ലാവരും ആടിയും പാടിയും അഞ്ചുമുതൽ അഞ്ചര വരെ അവിടെ സമയം ചെലവഴിച്ചു അപ്പോഴേക്കും മഴയ്ക്ക് ശമനം ഉണ്ടായിരുന്നില്ല. ഈ യാത്ര നല്ല നല്ല ഓർമ്മകളും രസകരമായ കാഴ്ചകളുമായിരുന്നു സമ്മാനിച്ചത്. ഞങ്ങളോടൊപ്പം ആടാനും പാടാനും ഒക്കെ ഉണ്ടായിരുന്ന കലേഷ് സാറിൻറെ നാടൻപാട്ട്



ഉള്ള ഡാൻസും യാത്രയ്ക്കിടയിലെ മുഹൂർത്തങ്ങൾ ആയിരുന്നു. മഴവില്ല് എങ്കിലും ഞാൻ പ്രതീക്ഷിച്ചതിനുമപ്പുറം അവിസ്മരണീയമായ ഒരു വിനോദയാത്ര നടത്താൻ എനിക്ക് കഴിഞ്ഞു. ഇത്രയുംമനോഹരമായ ഈ യാത്ര സംഘടിപ്പിച്ച എല്ലാ അധ്യാപകർക്കും ഹൃദയത്തിൻറെ ഭാഷയിൽ നന്ദി രേഖപ്പെടുത്തുന്നു.

സ്നേഹ പി ആർ
10 ജി

## ഓർമ്മകൾ പെയ്തിറങ്ങുമ്പോൾ

പണ്ട് പണ്ട് സ്കൂളിലെ ഓർമ്മകൾ തിങ്ങിനിറയുന്ന ഒരു വസന്തം. മനസ്സിന് കുളിര് നൽകുന്ന ആനന്ദം. മഴ സമയത്ത് സ്കൂളിന്റെ വരാന്ത യിൽ മഴത്തുള്ളികൾ തിങ്ങി നിറയുന്നു. ടീചർ ക്ളാസിൽ പഠിപ്പിച്ചു കൊണ്ടിരിക്കുമ്പോൾ ജനാലക്കരികിൽ ഇമകൾ തോരുന്ന മരങ്ങളുടേയും ചെടികളുടെയും തോരക്കാഴ്ചകൾ. മനംമയക്കുന്ന ഏകാന്തമായ കുളിർക്കാറ്റ് ഏതാനും നിമിഷങ്ങൾ കഴിഞ്ഞിട്ടും മഴയുടെ വേഗത കുറയുന്ന്ില്ല അവിഷ്വസനീയമായ കാറ്റ് എന്നെ തഴുകിയുണർത്തി. പ്രളയമാണോ എന്ന്ു കരുതി ജനാലകൾക്കിടയിലൂടെ നോക്കിയപ്പോൾ പൊടിമീനുകൾ നീന്തിതുടിക്കുന്നു. പണ്ടുക്കാലത്ത് മഴ പെയ്യുമ്പൊൾ വാഴയില ചൂടി വന്ന കൊച്ചു കുരുന്നുകൾ ഇന്ന് പുത്തൻ നിറമോലുന്ന കുടകളുമായി എത്തി, ചെറിയ ചെറിയ ജീവചാലങ്ങൾ വെള്ളത്തിൽ തുള്ളിക്കളിക്കുന്നു. ഏതോ ഒരു യാമത്തിൽ തുറന്ന എന്റെ മനസ്സ്. ഏഗാഗ്രമായി ഒഴുകി കൊണ്ടിരുന്നു സ്കൂളിൽ ബെല്ലടിക്കുന്ന തക്കം നോക്കി കുട്ടികൾ ഓടിയടുത്തു. ഒരുമിച്ചിരുന്നു ചോറുകഴിക്കുമ്പോൾ കറികൾ പങ്കിട്ട്കഴിച്ചു ഞാനും എന്റെ കൂട്ടുകാരും അന്നത്തെ എന്റെ ഓർമ്മകൾ പറയുകയാണെങ്കിൽ ഒരുപാടുണ്ട് . ഏറെ മനോജ്ഞമായ രീതിയിൽ എന്റെ മനസ്സ് താളംതട്ടി. ഓരോ ദിവസങ്ങൾ അടുക്കുമ്പോൾ മറ്റൊരു സ്കൂളുമാറുന്നതിനെക്കുറിച്ച ഒരു ചെറിയ ആശങ്കയായിരുന്നു. എന്നിരുന്നാലും കൂട്ടുകാരാടൊത്ത് കളിച്ചുരസിച്ചും എന്റെ ആശങ്ക ഞാൻ മാറ്റാൻ ശ്രമിച്ചു. എന്റെ മഴക്കാലം എനിക്ക് ഏറെ പ്രിയപ്പെട്ടതായിരുന്നു. രുചികളിൽ വിടരുന്ന കൊച്ചു പൂമ്പാറ്റപോലെ ആസ്വതിക്കാനുള്ള ഒരു ശക്തി എന്റെ മനസ്സിനു കിട്ടി. അവധിക്കാലത്തെ ഒരു ദിവസം അച്ഛൻ എനിക്ക് ഒരു കളിത്തോണിയുണ്ടാക്കിത്തന്നു.

ഞാനതിനെ വെള്ളത്തിൽ ഒഴുക്കിവിട്ടു പെട്ടന്ന് ശക്തമായ മഴയിൽ എന്റെ തോണി വെള്ളത്തോടുകൂടി ഒഴുകിപ്പോയി.വിഷമം സഹിക്കാൻ പറ്റാത്ത ഞാൻ ഓടിച്ചെന്ന് അച്ഛനോട് എന്റെ സങ്കടം തുറന്നു പറഞ്ഞു

മറ്റൊരു തോണി എനിക്കായി ഉണ്ടാക്കാൻ അച്ഛൻ ശ്രമിച്ചു പെട്ടന്ന് ഒരു മരം ഒടിഞ്ഞു മറ്റൊരു വീടിന്റെ മുകളിലേക്ക് വീണു. ഇതുകാരണം പേടിച്ചു വിറച്ച ഞാൻ ഉടനെ കണ്ണീർ പൊഴിച്ചു. അനിയനേടൊപ്പം വീട്ടിൽ കളിച്ചു ഇങ്ങനയിരിക്കെ മഴ തേർന്ന്ു സൂര്യന്റെ വെട്ടം കാരണം ആകെ എല്ലാം കിളങ്ങിയതു പോലെ എനിക്കു തോന്നി.ഇനിയും മഴയുടെ വരവിനെ കാത്തപനിൽക്കുകയായിരുന്നു ഞാൻ. സന്തോഷം കോണ്ട് ഞാനും എന്റെ അനിയനും തുള്ളച്ചാടി തവളയുടെ ശബ്ദം കേട്ട് ഞാനും എന്റെ അനിയനും തുള്ളച്ചാടി. സന്തോഷം കൊണ്ട് മതിമറന്നുപോയി

എന്റെ മനസ്സ് . ഏതോ ഒരു മനോഹരമായ കാഴ്ചകണ്ടുകൊണ്ടിരിക്കുകയായിരുന്നു .ഞാൻ ദിവസങ്ങൾ കടന്നുപോയത് അറിയുന്നേയില്ല. ഓണത്തിന്റെ വരവിനേയും കാത്ത് ഞാൻ ഇരുന്നു . മഴയുടെ തീവ്രത കാരണം പൂക്കളം ഇടാൻ പറ്റില്ല എന്ന് അമ്മ പറഞ്ഞപ്പോൾ എനിക്ക് സങ്കടമായി. ഞാൻ അമ്മയോട് പിണങ്ങി. പിറ്റേ ദിവസം അമ്മുമ്മ വരുമെന്ന് പറഞ്ഞ് മയക്കാനായിരുയന്നു അമ്മയുടെ ശ്രമം സന്ത്യയായപ്പോൾ പക്ഷികളുടെ

കളകളാരവം മാറി,കൂടണയാൻ തുടങ്ങി. അവയുടെ നിശ്ക്കളങ്കത കണ്ടാൽ തോന്നും എന്തോ ഒരു വലിയ സംഭവം നടന്നതുപോലെ .

സന്തോഷത്തിന്റെ വെളിച്ചത്തിൽ തിളങ്ങിയ എന്റെ മനസ്സ് ഏഗാഗ്രമായി നിന്ന്ു .

സംഗീതത്തിന്റെ മധുരം പോഴിച്ചു കൊണ്ട് ഞാൻ

പാട്ടുപാടാൻ തുടങ്ങി.സന്തോഷിച്ചും കളിച്ചും ചിചിച്ചും പാടിയും ആടിയും

ഞാനും എന്റെ അനിയനും രസിച്ചു.രാത്രിയായപ്പോൾ അടിപൊളി സിനിമകൾ കണ്ട് രസിച്ചു വർണ്ണതാതീദമായ വേളയിൽ ലയിച്ചും

നിൽക്കുകയായിരുന്നു ഞാൻ. എന്റെ മനസ്സ് എവിടെയോ താളംതട്ടി

ജനാലക്കരികിൽ ഇമകൾതോരുന്ന പൂക്കളിലെ മഴത്തുള്ളികളെ കണ്ടുനിൽക്കുകയായിരുന്നു ഞാൻ . എന്റേതായ ഭാവനയിൽ ചിത്രം വരച്ചും പാട്ടുകൾ എഴുതിയും രസിച്ചു. മനോജ്ഞമായ

വേളയിൽ എന്തെങ്കിലും ചെയ്യണമെന്ന് എന്റെ മനസ്സിൽ ഒരു തോന്നലുണ്ട
എന്റെ മഴക്കാലത്ത് ഞാൻ കലാപ്രവർത്തികളിൽ എന്റെ കഴിവ് പുലർത്തി പരിസ്ഥിതിയെ നിരീക്ഷിച്ചു ചെടികൾക്ക് വെള്ളം നനച്ചു
എന്റെ പുതു പുസ്തകങ്ങൾ വായിച്ചു അങ്ങനെ അങ്ങനെ നാളുകൾ കഴിഞ്ഞുപോയപ്പോഴാണ് സ്കൂൾ തുറന്നത് . പുതുപുത്തൻ യൂണിഫോമുമായി ഞാൻ സ്കൂളിലേയ്ക്ക് പോയി, എന്റെ യാത്രയിൽ എല്ലാം മറന്ന് ഞാൻ സ്കൂളിലെ കൂട്ടുകാരോടൊത്ത് കളിക്കുന്ന കാര്യം ആലോചിച്ചു. എൻെറ മഴക്കാല ഓർമ്മകൾ വായിക്കാൻ എനിക്ക് കഴിഞ്ഞില്ല് സ്കൂളിൽ എത്തിയപ്പോൾ കൂട്ടുകാരോട് എന്റെ മഴക്കാല വിശേഷങ്ങൾ പങ്കുവച്ചു. ഞാൻ ഒരിക്കലും ഈ ഓർമ്മകൾ മറക്കില്ല. ഇനിയും മഴക്കാലത്തിനായി കാത്തിരിക്കുന്നു.

മുബഷിറ
9G

कहानी

एक दिन मैं अकेलो जा रही थी. . .

कस्बे के सटे एक हरे खेत । स्कूल जाते समय वहाँ कुछ समय बिताना मुझे पसंद है। उस समय मैं सभी विषमताओं को भूलती है। ' माँ' यानी ' प्रकृति' की प्यार मुझे अच्छी तरह समझ पाती है।

वह एक रविवार का दिन था। मैं स्कूल की किताब और सभी पढ़ने और लिखने के बाद घर के बाहर चलती थी। उस समय मैं कुछ आवाज सुनी । माँ से कहकर मैं तेजी से खेत की ओर दौडी । वहाँ का दृश्य देखकर मुझे आश्चर्य हुई । कुछ लोग वहाँ एक तरह की यंत्र से उस हरे और प्यारी खेत को बदलना शुरू की। मैं रोने लगी. . . उस समय माँ मुझे पुकारा । वह एक सपना था। लेकिन मुझे वह सपना जैसा नही लगा ।माँ मेरे पास बैठकर बात पूछने पर मैं ने' सारी बात कही । मैं ने माँ से कहा कि मुझे खेत में जाना है। माँ उसके लिए अनुमति भी दी । मै जल्दी ही खेत की ओर दौडी । वहाँ का दृश्य देखकर मुझे बहुत खुशी हुई। खेत को कोई हानी नहीं हुआ था।

आदीश्री जी एस
10 F

# FORGIVE ME

My eyes are still wet
It was on a Fullmoon day
Where the hope of my life faded
Forgive me For what I told you
Forgive me For trusting me
Forgive me For loving you
Just give me back all those days,
Where the lantern was-
Lighted till late night
All my pain's should hide on your smile
All my thoughts should fly in your mind
Babe there is still a bit waiting
For a person called YOU
All alone on Another fullmoon day
Only just a memory which kills me.
Once again Babe;
Forgive me.

Hisana Fathima
8H

# പറന്നുപോയ തത്ത

ഒരിക്കൽ ഒരിടത്ത് ഒരു വീട്ടിൽ ഒരു തെങ്ങുണ്ടായിരുന്നു. അതിൽ ഒരു പൊത്തും. ആ പൊത്തിനകത്ത് തത്തയും അതിന്റെ കുഞ്ഞുങ്ങളും ഉണ്ടായിരുന്നു. അങ്ങനെയിരിക്കെ ഒരു ദിവസം അമ്മ ഭക്ഷണം അന്വേഷിച്ചു പോയ സമയം നോക്കി അതിൽ നിന്ന് ഒരു തത്ത കുഞ്ഞ് പറന്നു നോക്കാനായി പുറത്തേക്കിറങ്ങി. അതുകണ്ട ഒരു കാക്ക വന്ന് അതിനെ കൊത്തി താഴെയിടുകയും ചെയ്തു. ഈ കാര്യങ്ങളെല്ലാം താഴെ നിന്ന് ഒരു കുട്ടി കാണുന്നുണ്ടായിരുന്നു. ആ കുട്ടി ഓടിപ്പോവുകയും അതിനെ എടുത്തുകൊണ്ടു പോവുകയും ചെയ്തു. എന്നിട്ട് അതിനെ ഒരു എലി കെണിക്കുള്ളിൽ ആക്കുകയും ചെയ്തു. അവർക്ക് കൂടില്ലായിരുന്നു. അതുകൊണ്ട് അവർ അതിനെ അതിലടച്ചു. അങ്ങനെയിരിക്കെ എല്ലാദിവസവും അതിനെ അവർ കൂടോടുകൂടി വെളിയിൽ ഇറക്കി വയ്ക്കാൻ തുടങ്ങി. അതിനെ കാണാൻ അതിന്റെ അമ്മയും വരാൻ തുടങ്ങി. ആ ദുഷ്ടനായ ചെറുക്കന്റെ കയ്യിലിരിപ്പ് കൊണ്ട് അവൻ ആ അമ്മ തത്തയും കൈയിൽ ആക്കാൻ വേണ്ടി ഒരു കെണി തയ്യാറാക്കുകയും അതിനെ പിടികൂടി കൂട്ടിൽ അടയ്ക്കുകയും ചെയ്തു. പാവം തത്തയും കുഞ്ഞും. ഒരു ദിവസം ആ തത്തമ്മയെ കൂട് മാറ്റാനായി പുറത്തിറക്കാൻ നോക്കിയപ്പോൾ അത് ആ ചെറുക്കന്റെ കയ്യിൽ കടിക്കുകയും അത് അവിടെ നിന്ന് പറന്നു പോവുകയും ചെയ്തു. പാവം കുഞ്ഞു തത്ത അത് ഇപ്പോഴും അവന്റെ കയ്യിലാണ്.

Subna. B
10 A

# എന്റെ മകൻ

ആ കണ്ണിന്റെ തിളക്കം എനിക്ക് ഓർമ്മ വരുന്നുആ ചിരിയും ഞാൻ ഓർക്കുന്നു ഇന്നും എനിക്ക് പേടിയാണ് രാത്രിയിൽ പുറത്ത് ഇറങ്ങാൻ. വന്ന് അമ്മ ഒരു മിന്നായം പോലെ കണ്ടു. പക്ഷേ എനിക്ക് വിശ്വാസം വന്നില്ല പക്ഷേ ഞാൻ കണ്ടതോടെ എനിക്ക് മനസ്സിലായി. അയ്യോ അത് ആരാ നിലവിളിക്കുന്നത്.... മോളെ.. മോളെ... അത് അമ്മയുടെ ശബ്ദമല്ലേ. മോളെ അവിടെ ഒരു ശബ്ദം. പാത്രങ്ങൾ എങ്ങനെ താഴെ വീണു അറിയില്ല കുറച്ചുനേരത്ത അച്ഛന്റെ ശബ്ദം കേട്ടു. എന്റെ ദൈവമേ വിശ്വസിക്കാൻ പറ്റുന്നില്ല അമ്മേ ഒന്നു കൂടി ശ്രദ്ധിച്ചേ അത് ഒരു പെൺകുട്ടിയുടെ ശബ്ദം അല്ലേ. അതേ അമ്മേ എനിക്ക് പേടി തോന്നുന്നു മോളെ എന്ത് ചെയ്യും അമ്മ....

അവിടെ അമ്മയുടെ പുറകിൽ നോക്കൂ അയ്യോ.... അമ്മയെ ഓടി വരൂ മോളെ ഇന്ന് തന്നെ ഒരു സ്വാമിയെ കാണണം . അമ്മയും ഞാനൊരു വണ്ടി വിളിക്കാം. വേഗം വരു. അമ്മേ വണ്ടി വന്നു. സ്വാമിയുടെ വീട് എത്താറായി.സ്വാമി വേഗം പൂജ തുടങ്ങു. എന്നെ മകളെ രക്ഷിക്കു. ഞാൻ അന്ന് തന്ന ലിസ്റ്റിൽ ഉള്ള എല്ലാ സാധനങ്ങളും ഉണ്ടൊ?ഉണ്ട് സ്വാമി.ഈ വീട്ടിൽ ഒരു പെൺകുട്ടിയുടെ ആത്മാവ് ആണ്. നിങ്ങൾക്ക് ഒരു മകൾ ഉണ്ടായിരുന്നോ. ഉണ്ടായിരുന്നു. അവൾ ഒരു അപകടത്തിൽ മരണപെട്ടു. അത് ഒരു കൊലപാതക ശ്രമം ആയിരുന്നു. അന്ന് ഞാനും എന്റെ മൂത്ത മകളും ആ വാഹനത്തിൽ ഉണ്ടായിരുന്നു. ഭാഗ്യ വശാൽ ഞാനും എന്റെ ഭർത്താവും രക്ഷപെട്ടു. പിന്നെ രണ്ടു വർഷത്തിന് ശേഷം ഞാൻ ഇവളെ പ്രസവിച്ചു. പിന്നെ ഒരു മകൾ അല്ലെ എന്നുപറഞ്ഞു ഇവൾക്ക് എല്ലാം സ്നേഹവും കൊടുത്തു. അതെയോ അല്ല നിങ്ങളുടെ മകൾ തേക്കേ വരത്തെ ആദ്യത്തെ മുറിയിൽ ഉണ്ട് പോയി നോക്കുമോ ആ കണ്ണിന്റെ തിളക്കം എനിക്ക് ഓർമ്മ വരുന്നു

ആ ചിരിയും ഞാൻ ഓർക്കുന്നു ഇന്നും എനിക്ക് പേടിയാണ് രാത്രിയിൽ പുറത്ത് ഇറങ്ങാൻ. വന്ന് അമ്മ ഒരു മിന്നായം പോലെ കണ്ടു. പക്ഷേ എനിക്ക് വിശ്വാസം വന്നില്ല പക്ഷേ ഞാൻ കണ്ടതോടെ എനിക്ക് മനസ്സിലായി. അയ്യോ അത് ആരാ നിലവിളിക്കുന്നത്.... മോളെ.. മോളെ... അത് അമ്മയുടെ ശബ്ദമല്ലേ. മോളെ അവിടെ ഒരു ശബ്ദം. പാത്രങ്ങൾ എങ്ങനെ താഴെ വീണു അറിയില്ല കുറച്ചുനേരത്തെ അച്ഛന്റെ ശബ്ദം കേട്ടു. എന്റെ ദൈവമേ വിശ്വസിക്കാൻ പറ്റുന്നില്ല അമ്മേ ഒന്നു കൂടി ശ്രദ്ധിച്ചേ അത് ഒരു പെൺകുട്ടിയുടെ ശബ്ദം അല്ലേ. അതേ അമ്മേ എനിക്ക് പേടി തോന്നുന്നു മോളെ എന്ത് ചെയ്യും അമ്മ....

അവിടെ അമ്മയുടെ പുറകിൽ നോക്കൂ അയ്യോ.... അമ്മയെ ഓടി വരൂ മോളെ ഇന്ന് തന്നെ ഒരു സ്വാമിയെ കാണണം . അമ്മയും ഞാനൊരു വണ്ടി വിളിക്കാം. അമ്മയെ വേഗം വരു. അമ്മേ വണ്ടി വന്നു. സ്വാമിയുടെ വീട് എത്താറായി.സ്വാമി വന്ദനം.ആ പറയു എന്താ കാര്യം. അത് വീട്ടിൽ ഒരു സമാധാനം ഇല്ല. കാരണം ഞാൻ പറയാം വീട്ടിൽ ഒരു ആത്മാവ് അല്ലെ. അതെ സ്വാമി ഒരു സമാധാനം ഇല്ല സ്വാമി ഒരു പരിഹാരം പറയണം. നിങ്ങൾ ഈ വരുന്ന ഞാൻ വീട്ടിൽ വരാഠ. ഞാൻ പറഞ്ഞ സാധനങ്ങൾ വാങ്ങി വയ്ക്കുക. ശെരി സ്വാമി. അമ്മേ ഇന്നലെ നടന്ന സഠഭവഠ കൂടി പറയണം. നീ പോയി ആദ്യം വിളക്ക് എടുക്ക്. ശെരി അമ്മേ. അയ്യോ അമ്മേ...... അമ്മേ....... അമ്മേ ഈ കതക് തുറക്കു. അയ്യോ അമ്മേ. അയ്യോ. ഈ ശബ്ദം മോളെയാണലോ മോളെ നീ എവിടെയാ മോളെ മോളെ ഇവിടെ ഒന്നും മോളെ കാണുന്നില്ല .സ്വാമിജി ഈ വീട് കാണുമ്പോൾ തന്നെ പേടിയാകുന്നു. അതെ ആ വീട്ടിന്റെ അകത്ത് നിന്നാണ് ശബ്ദം കേൾക്കുന്നത്. അത് ഒരു പെൺകുട്ടിയുടെ നിലവിളിയാണ്.

അമ്മേ എന്നെ രക്ഷിക്കു. ഇവിടെ ആരും ഇല്ലെ. അയ്യോ.
സ്വാമിജി എത്തിയോ. ദൈവമെ സ്വാമി വേഗം പൂജ തുടങ്ങു. എന്നെ മകളെ രക്ഷിക്കു. ഞാൻ അന്ന് തന്ന ലിസ്റ്റിൽ ഉള്ള എല്ലാ സാധനങ്ങളും ഉണ്ടോ?ഉണ്ട് സ്വാമി.ഈ വീട്ടിൽ ഒരു പെൺകുട്ടിയുടെ ആത്മാവ് ആണ്. നിങ്ങൾക്ക്
ഒരു മകൾ ഉണ്ടായിരുന്നോ. ഉണ്ടായിരുന്നു. അവൾ ഒരു അപകടത്തിൽ മരണപെട്ടു. അത് ഒരു കൊലപാതക ശ്രമം ആയിരുന്നു. അന്ന് ഞാനും എന്റെ മൂത്ത മകളും ആ വാഹനത്തിൽ ഉണ്ടായിരുന്നു. ഭാഗ്യ വശാൽ ഞാനും എന്റെ ഭർത്താവും രക്ഷപെട്ടു. പിന്നെ രണ്ടു വർഷത്തിന് ശേഷം ഞാൻ ഇവളെ പ്രസവിച്ചു. പിന്നെ ഒരു മകൾ അല്ലെ എന്നുപറഞ്ഞു ഇവൾക്ക് എല്ലാം സ്നേഹവും കൊടുത്തു. അതെയോ അല്ല നിങ്ങളുടെ മകൾ തേക്കേ വരത്തെ ആദ്യത്തെ മുറിയിൽ ഉണ്ട് പോയി നോക്കു. മോളെ.... സ്വാമി എന്റെ മകൾ അവിടെ ബോധം കെട്ട് കിടക്കുന്നു. കുറച്ചു സമയം കൂടികഴിഞ്ഞാൽ ഈ ആത്മാവ് പോകും. നിങ്ങൾക്ക് ഞാൻ പറഞ്ഞു തന്ന മന്ത്രം പറയു. അമ്മേ എന്നെ പറഞ്ഞുവിടരുത്. അമ്മേ വേണ്ട. നീ ഒരു അക്ഷരം പറയണ്ട. ഒരു മുനഷ്യൻ മരണം എന്ന സംഭവം നടന്നാൽ നമ്മൾ പരലോകത്തേക്ക് പോകണം അതിനാ മോളെ.

ആഷിന എസ്
8C


Thank You